# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 2278/25 തിയ്യതി : 29.03.2025

**ഹാജർ**

| | | |
|---|---|---|
| ടി.എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ.അസിയ.പി.കെ | - | മെമ്പർ |

ലതിക ഗോപിനാഥൻ
കൃഷ്ണ പൊളളത്ത് വാകയിൽ
KSRA 39, First Street — പരാതിക്കാർ
കിഴക്കുംപാട്ടുകര
06/194.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**<u>പരാതിയുടെ സംക്ഷിപ്ത രൂപം :</u>**

കൺസ്യൂമർ നമ്പർ 7519 - A യിൽ അധിക ബിൽ തുക സംബന്ധിച്ചാണ് പരാതി. എനർജി ചാർജ്ജിൽ 75-77/-, ഫിക്സഡ് ചാർജ്ജിൽ 67.74 രൂപയും അധികമായി ഈടാക്കിയിട്ടുണ്ട്. ആയത് ഒഴിവാക്കി പുതിയ ബിൽ നൽകുന്നതിന് അപേക്ഷ.

**ഫോറത്തിൻെറ നടപടികൾ :**

29.03.2025 ൽ ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ഇതേ ദിവസം കൂടിയ ഫോറം സിറ്റിങ്ങിൽ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബില്ലിങ്ങ് വിഭാഗം സൂപ്രണ്ടിനെ അറിയിച്ചു.

**വിഷയത്തിൽ ബില്ലിങ്ങ് വിഭാഗം സൂപ്രണ്ട് നേരിൽ ഹാജരായി നൽകിയ മൊഴി.**

താരിഫ് വർദ്ധനവ് നിലവിൽ വന്നതിനെ തുടർന്നാണ് ബിൽ തുക കൂടിയത്. വിവരം പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

**ഫോറത്തിൻെറ നിഗമനം :**

കെ.എസ്.ഇ.ആർ.സി. താരിഫ് പുതുക്കിയ നിരക്ക് ടി.സി.ഇ.ഡി. യിൽ പ്രാബല്യത്തിൽ വരുത്തുന്നതിന് വന്ന കാലതാമസം മൂലം ടി കാലയളവിലെ തുക കുടിശ്ശികയായി, പുതിയ ബില്ലിൽ ചേർത്തതുമൂലമാണ്, അധിക ബിൽ വന്നിട്ടുളളത്.

**ഉത്തരവ് നടപടികൾ :**

പുതുക്കിയ നിരക്ക് വന്നതിനു ശേഷമുള്ള ദിവസങ്ങളിലെ കുടിശ്ശികയാണ് അധിക ബില്ലായി നൽകിയിട്ടുള്ളത്. ആയത് ഒഴിവാക്കാനാവില്ല. വിവരം കൃത്യമായി അപേക്ഷകനെ അറിയിക്കാൻ ഉത്തരവാകുന്നു.

| | | |
|---|---|---|
| **അഡ്വ. അസിയ.പി.കെ** | **വിനുകൃഷ്ണൻ.കെ** | **ടി.എസ്. ജോസ്** |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |